390 (1583) സമ്പൂർണ്ണ ശുചിത്വ പദ്ധതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുന്നത് ഏതെല്ലാം ഏജൻസികളിൽ നിന്നാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഈ പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംസ്ഥാനവ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രാഥമിക ഘട്ടത്തിലാണ്.

(ബി) കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിക്കുന്നു.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഉണ്ട്.

(ഇ) സമ്പൂർണ്ണ ശുചിത്വ ആരോഗ്യപ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കാനുദ്ദേശിക്കുന്നു. പ്രാഥമികഘട്ടത്തിൽ 20-30 ഗ്രാമപഞ്ചായത്തുകളിലും രണ്ടാംഘട്ടത്തിൽ 150-200 ഗ്രാമപഞ്ചായത്തുകളിലും മൂന്നാംഘട്ടത്തിൽ ശേഷിക്കുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

391 (1584) ശുചിത്വ ആരോഗ്യ മിഷൻ പരിപാടി

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ശുചിത്വ-ആരോഗ്യമിഷൻ പരിപാടികളുടെ പ്രവർത്തന പുരോഗതിയെന്താണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ഡി.ആർ.ഡി.എ. കൾ നിർത്തലാക്കുന്നതിന് അടിസ്ഥാനമായ സംഗതികൾ എന്തൊക്കെയായിരുന്നുവെന്നു വ്യക്തമാക്കുമോ;

(സി) ഗ്രാമവികസനം സാദ്ധ്യമാക്കുന്നതിന് പുതുതായി എന്തു നടപടികൾക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly